**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5326** **15-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക സംരംഭകത്വ പ്രോത്സാഹനത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി. വി. അൻവർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക സംരംഭകത്വ പ്രോത്സാഹനത്തിന് കഴിഞ്ഞ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതികൾ കാർഷിക ഉല്പാദന രംഗത്ത് ഉണ്ടാക്കിയ മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | "വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷികോത്പന്നങ്ങളുടെ മൂല്യ വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് സൂക്ഷ്മ ഇടത്തര മൂല്യ വർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. കർഷകന്റെ വരുമാന വർദ്ധനവിന് സഹായിക്കുന്ന ഈ പദ്ധതി പ്രകാരം കർഷക സംരംഭകർക്ക് അവരുടെ ഫാക്ടറിയുടെ കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ, സാങ്കേതിക വിദ്യ തുടങ്ങിയ എല്ലാ ഘടകങ്ങൾക്കും ധന സഹായം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം മൂന്ന് സ്ലാബുകളിലായി സൂക്ഷ്മ തലം, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് എം.എസ്.എം.ഇ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മൂലധന നിക്ഷേപത്തിന് അനുസൃതമായി സബ്സിഡി അനുവദിക്കുന്നു. നാളികേരം, നെല്ല്, തേൻ, ചെറുധാന്യങ്ങൾ, ചക്ക, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ മൂല്യവർദ്ധന സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകിയിട്ടുണ്ട്. 2017 മുതൽ എസ്.എഫ്.എ.സി. വഴി 54 സംരംഭങ്ങൾക്കായി Rs.10,30,89,928/- (പത്തു കോടി മുപ്പത് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി ഇരുപത്തിയെട്ട് രൂപ മാത്രം) സബ്സിഡി ആയി നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ സംരംഭകത്വ പ്രോത്സാഹന രംഗത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; കേരള അഗ്രോ ബ്രാന്റിലും ലോഗോയിലും ഉല്പന്നങ്ങൾ ഓൺലൈൻ | (ബി) | 2022-23 വർഷത്തിൽ "വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | പ്ലാറ്റ്ഫോമിലൂടെ വിപണനം നടത്തുന്നതിന് പദ്ധതിയുണ്ടോ; അറിയിക്കുമോ; | | കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തര മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. സംരംഭകരുടെ പ്രോത്സാഹനത്തിനായി സംസ്ഥാന കൃഷി വകുപ്പ് എസ്.എഫ്.എ.സി, കേരള വഴി ഈ പദ്ധതി പ്രകാരം മൂന്ന് സ്ലാബുകളിലായി സൂക്ഷ്മതലം, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് എം.എസ്.എം.ഇ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മൂലധന നിക്ഷേപത്തിന് അനുസൃതമായി സബ്സിഡി അനുവദിക്കുന്നു. വ്യക്തികൾക്കോ, സ്വാശ്രയ സംഘടനകൾക്കോ, പാർട്ട്ണർഷിപ്പുകൾക്കോ ഈ പദ്ധതി ആനുകൂല്യം ലഭ്യമാകും. ഫാക്ടറി യൂണിറ്റ്, യന്ത്രസാമഗ്രികൾ, സാങ്കേതിക വിദ്യ, പാക്കേജിങ് സംവിധാനങ്ങൾ തുടങ്ങിയ എല്ലാ ഘടകങ്ങൾക്കും ആനുകൂല്യം നൽകുന്നു. ഒരു സംരംഭത്തിന് പരമാവധി 50 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകുന്നു.<br><br>കൃഷി വകുപ്പ് 'കേരളാഗ്രോ' എന്ന ബ്രാൻഡിൽ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഓൺലൈൻ സംവിധാനം മുഖേന വിപണനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കർഷകർ/ എഫ്.പി.ഒ. കൾ/ കർഷക കൂട്ടായ്മകൾ എന്നിവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളും ഓൺലൈൻ മുഖേന 'കേരളാഗ്രോ' എന്ന ബ്രാൻഡിൽ മാർക്കറ്റിംഗ് ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു. |
| (സി) | മൂല്യവർദ്ധിത കൃഷി മിഷൻ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോല്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉൽപ്പന്ന സംഭരണം, ഉൽപ്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനുമായിട്ടാണ് മൂല്യവർദ്ധിത കാർഷിക മിഷൻ (Value Added Agriculture Mission - VAAM) രൂപീകരിച്ചിട്ടുള്ളത്.<br><br>പ്രാഥമിക കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന/ നിർമ്മാണ പ്രക്രിയകൾ, വിപണനം/സേവനങ്ങൾ എന്നിവയിൽ കേന്ദ്രീകരിച്ച് ഉൽപ്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുക എന്ന ആശയത്തിനാണ് മൂല്യവർദ്ധിത കാർഷിക മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർഷിക |

| | | | |
|---|---|---|---|
| | | | മേഖലയിൽ ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ, നിലവിലുള്ള അവസരങ്ങൾ, വിടവുകൾ, നയം, സ്ഥാപനപരം, വിപണി, സാങ്കേതികവശങ്ങൾ എന്നിവ പരിഗണിച്ച് പ്രധാനമായും ഇടപെടേണ്ട മേഖലകൾ കണ്ടെത്തുകയും അതുവഴി മൂല്യവർദ്ധിത കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും കേന്ദ്രീകൃത സമീപനം രൂപീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ, ശുപാർശകൾ എന്നിവയടങ്ങിയ ഒരു വർക്കിംഗ് പേപ്പറും VAAM പദ്ധതിയുടെ നടത്തിപ്പിലേക്കായി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ കാർഷിക വ്യവസായവും, സാങ്കേതിക വിദ്യയും അറിവ് പങ്കിടലും ശേഷി വർദ്ധിപ്പിക്കൽ, വിപണനം, ധനകാര്യം പോലുള്ള വിഷയങ്ങളിൽ സബ് ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിനുമായി സബ് വർക്കിംഗ് ഗ്രൂപ്പുകൾ/ റിസോഴ്സ് സബ്ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>ഉൽപ്പന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും ബ്രാൻഡ് വികസിപ്പിക്കുന്നതിനും പ്രസക്തമായ സർട്ടിഫിക്കേഷനുകൾ നേടുന്നതിനുമായി അനുബന്ധ മേഖലകളിലെ വിദഗ്ദ്ധരുമായി സെമിനാറുകൾ, പ്രദർശനങ്ങൾ, ബ്രെയിൻ സ്റ്റോമിംഗ് വർക്ക് ഷോപ്പുകൾ എന്നിവ നടത്തി കൃഷിയെയും കൃഷിക്കാരെയും പിന്തുണയ്ക്കുന്നതിന് ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. കൂടാതെ ആഭ്യന്തര, അന്തർദ്ദേശീയ വ്യാപാരവും കയറ്റുമതിയും സഹകരണവും പ്രോൽസാഹിപ്പിക്കുന്നതിനും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. മൂല്യവർദ്ധിത കാർഷിക മിഷന് വേണ്ടി ഗവേണിംഗ് ബോഡിയും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ